Kerala State Council for
Science, Technology and Environment

KSCSTE/554/2021-SLA തീയതി : 13.07.2021

പ്രസിദ്ധീകരണാർത്ഥം എല്ലാ എഡിഷനുകളിലും

## ശാസ്ത്ര സാഹിത്യ പുരസ്കാരത്തിന് അപേക്ഷ ക്ഷണിക്കുന്നു

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ശാസ്ത്ര സാഹിത്യ പുരസ്കാരത്തിന് അപേക്ഷകൾ/ നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. മലയാള സാഹിത്യത്തിലൂടെ ശാസ്ത്ര വിഷയങ്ങളെ ജനകീയവത്കരിക്കുന്നതിൽ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുള്ള വ്യക്തികൾക്കാണ് പ്രസ്തുത പുരസ്കാരം. 2020-ൽ പ്രസിദ്ധീകരിച്ചതും ജനങ്ങളിൽ ശാസ്ത്രാവബോധം വളർത്താൻ സഹായകമായതും അന്വേഷണാത്മകമായതുമായ രചനകളാണ് പ്രസ്തുത പുരസ്കാരത്തിനായി പരിഗണിക്കുക. ബാലശാസ്ത്ര സാഹിത്യം, ജനപ്രിയ ശാസ്ത്ര സാഹിത്യം, ഗഹനമായ വൈജ്ഞാനിക ശാസ്ത്ര സാഹിത്യം, ശാസ്ത്ര പത്ര പ്രവർത്തനം, ശാസ്ത്ര ഗ്രന്ഥ വിവർത്തനം (മലയാളം) എന്നീ അഞ്ച് വിഭാഗങ്ങളിലാണ് അവാർഡ്. അൻപതിനായിരം രൂപയും, ഫലകവും, പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്. അപേക്ഷ ഫോറവും നിബന്ധനകളും **www.kscste.kerala.gov.in** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. നിർദ്ദിഷ്ട ഫാറത്തിൽ തയ്യാറാക്കിയ അപേക്ഷകൾ സാഹിത്യ സൃഷ്ടികളുടെ മൂന്ന് പകർപ്പുകൾ, ബയോഡാറ്റാ, ശാസ്ത്ര സാഹിത്യ രംഗത്ത് നൽകിയിട്ടുള്ള സംഭാവനകൾ ചൂണ്ടിക്കാണിക്കുന്ന രേഖകളുടെ ശരി പകർപ്പുകൾ എന്നിവ സഹിതം **ഡയറക്ടർ, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, ശാസ്ത്ര ഭവൻ, പട്ടം, തിരുവനന്തപുരം 695 004** എന്ന വിലാസത്തിൽ അപേക്ഷിക്കുക.

അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി: **2021 സെപ്തംബർ 6, വൈകിട്ട് 5.00 മണി.** കൂടുതൽ വിവരങ്ങൾക്ക് **www.kscste.kerala.gov.in** എന്ന വെബ് സൈറ്റ് സന്ദർശിക്കുക. Ph:04712 548 250

പ്രൊഫ. കെ.പി. സുധീർ
എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്,
കെ. എസ് . സി . എസ് . ടി . ഇ

Sasthra Bhavan, Pattom P.O., Thiruvananthapuram - 695 004, Kerala State, India
Tel : 0471 - 2548200-09, EVP - 2543557, 2548222, MS - 2534605, 2548220, CoA - 2543556, 2548248
Fax : 0471 - 2540085, 2534605 e-mail : kscste@gmail.com, www.kscste.kerala.gov.in